# ഫാം ഫ്രഷ് വെജിറ്റബിൾസ്...

ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ച അന്താരാഷ്ട്ര വനിതാ കർഷകവർഷത്തിൽ ഭക്ഷ്യസുരക്ഷ, പോഷകാഹാര ലഭ്യത, ദാരിദ്ര്യ നിർമാർജനം എന്നിവയിൽ മാത്രമല്ല, സമഗ്ര മേഖലയിലും മുന്നേറ്റം തുടരുകയാണ് കേരളത്തിലെ വനിതാ കർഷകർ. കാർഷിക ഉത്പന്നങ്ങളുടെ നടീൽ മുതൽ വിൽപന വരെയുള്ള സംവിധാനങ്ങളിൽ സ്ത്രീകൾ വഹിക്കുന്ന പങ്ക് പ്രധാനമാണ്. സാമ്പത്തിക സുരക്ഷിതത്വത്തിനായി സമൂഹത്തിൽ പുതിയ ചലനങ്ങൾ സൃഷ്ടിക്കുന്നതിൽ വനിതകൾ ഒട്ടും പിന്നിലല്ല. സാധാരണ കൃഷികൾക്കപ്പുറം വ്യത്യസ്ഥമായ രീതികൾ തേടുകയാണ് തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ എന്ന ഗ്രാമത്തിലെ വനിതാ കർഷകർ. കാർഷികവൃത്തി പ്രാണവായുവാക്കിയ നന്മയുള്ള നാട്ടിൻപുറമാണ് തിരവനന്തപുരം ജില്ലയുടെ തെക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന കല്ലിയൂർ ഗ്രാമപഞ്ചായത്ത്. വെള്ളായണിക്കായലിന്റെ തീരത്ത് പച്ചപ്പുകൾ നിറയ്ക്കുന്ന കൃഷിയിടങ്ങൾ. കല്ലിയൂർ എന്ന ഗ്രാമം കൃഷിയുടെ പര്യായമായെങ്കിൽ അതിൽ പ്രധാന പങ്കുവഹിക്കുന്നവരാണ് അവിടുത്തെ വനിതാ കർഷകർ.

**റിച്ചാർഡ് ജോസഫ്**

**മു**ഴുവൻ സമയ കർഷകയായിരുന്ന കല്ലിയൂർ സ്വദേശിനി സൗമ്യയും സുഹൃത്തുക്കളും മൂന്നു വർഷം മൻപാണ് താൻ ഉത്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങൾ മൂല്യവർധിത ഉത്പന്നങ്ങളാക്കി വിൽക്കുന്നതിനെക്കുറിച്ചു ചിന്തിച്ചത്. സാമ്പാർ, അവിയൽ, തോരൻ എന്നിവ തയാറാക്കുന്നതിനുള്ള പച്ചക്കറികൾ കട്ട് ചെയ്ത് പായ്ക്കറ്റുകളാക്കി ആയിരുന്നു തുടക്കം. ആഴ്ചകൾക്കുള്ളിൽ സംഗതി ഹിറ്റായി. മിതമായ വിലയിൽ ശുദ്ധമായ പച്ചക്കറി ഉത്പന്നങ്ങൾ പാക്കറ്റിൽ ലഭിക്കാൻ തുടങ്ങിയതോടെ വാങ്ങുന്നവർക്ക് അടുക്കള ജോലിയും എളുപ്പം. അങ്ങനെയാണ് കല്ലിയൂർ ഗ്രീൻസ് എന്ന വനിതാ സംരംഭം ആരംഭിക്കുന്നത്.

കല്ലിയൂർ എന്ന ഗ്രാമത്തിലെ വനിതാ കർഷകരുടെ വിജയചിഹ്നമാണ് ഇന്ന് കല്ലിയൂർ ഗ്രീൻസ്. ആദ്യം ചെറിയ ഷോപ്പായി ആരംഭിച്ച ഈ സംരഭം ഇന്ന് ഓൺലൈനായി തിരുവനന്തപുരം നഗരത്തിലെങ്ങും വീട്ടുപടിക്കൽ പച്ചക്കറികളും മറ്റ് മൂല്യ വർധിത ഉത്പന്നങ്ങളും എത്തിക്കുന്നു. ജലസമൃദ്ധിയുള്ള വെള്ളായണിയുടെ മണ്ണിൽ പുത്തൻ ആശയങ്ങളും വിജയിപ്പിച്ചെടുക്കാമെന്നു തെളിയിച്ചിരിക്കുകയാണ് ഈ വനിതകൾ. കല്ലിയൂർ കൃഷിഭവനു കീഴിലുള്ള രാഗ് കൃഷിക്കൂട്ടത്തിന്റെ സംരംഭങ്ങളാണ് കല്ലിയൂർ ഗ്രീൻസ്, ഫാം വേവ്സ്, സൗമ്യാസ് ബഹുരസം എന്നിവ. കല്ലിയൂർ ഗ്രീൻസ് എന്ന പേരിൽ കട്ട് വെജിറ്റബിളുകളും ഫാം വേവ്സ് എന്ന പേരിൽ പൊടി ഐറ്റങ്ങളും സൗമ്യാസ് ബഹുരസം എന്ന പേരിൽ റെഡി ടു ഈറ്റ് വിഭവങ്ങളും ഇന്ന് വിതരണം ചെയ്യുന്നു.

## ചെറിയ തുടക്കം

2023ൽ 10-15 പാക്കറ്റുകളിലായി സാമ്പാർ, അവിയൽ, തേരൻ എന്നിവയ്ക്കുള്ള പച്ചക്കറികൾ അരിഞ്ഞു തയാറാക്കിയായിരുന്നു സൗമ്യയുടെ നേതൃത്വത്തിലുള്ള വനിതാസംഘം ഈ രംഗത്തേക്ക് കാലെടുത്തു വച്ചത്. അവിയൽ, സാമ്പാർ കൂട്ടുകൾ 450 ഗ്രാം, തോരൻ വിഭവങ്ങൾ 250 ഗ്രാം എന്നിങ്ങനെയായിരുന്നു തൂക്കം. അവിയൽ, സാമ്പാർ കൂട്ടുകൾക്ക് 45 രൂപയും തോരൻ കൂട്ടിന് 35 രൂപയുമായിരുന്നു വില. ചീര, മത്തങ്ങ, പാവക്ക, പടവലം തുടങ്ങിയവയെല്ലാം വൃത്തിയാക്കി അരിഞ്ഞ് തൂക്കി പാക്കറ്റുകളിലാക്കി വിപണിയിലെത്തിച്ചു. ആദ്യം ആളുകൾ കൗതുകത്തിനു വേണ്ടിയായിരുന്നു വാങ്ങിയിരുന്നതെന്നു സൗമ്യ ഓർമിക്കുന്നു. പിന്നീട് ആളുകൾ തങ്ങളുടെ ഉത്പന്നങ്ങൾ അന്വേഷിച്ചു വന്നു തുടങ്ങി. ഡിമാൻഡ് വർധിച്ചതോടെ കൂടുതൽ പാക്കറ്റുകൾ തയാറാക്കി. പിന്നീട് ഉപഭോക്താക്കളുടെ ആവശ്യം പരിഗണിച്ചാണ് ഇവ ഓൺലൈനായി ഓർഡർ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കിയത്. ഹോം ഡെലിവറി ലഭിക്കുമെന്നായതോടെ സാധനങ്ങളുടെ ഡിമാൻഡ് വീണ്ടും വർധിച്ചു. ആദ്യമൊക്കെ നേരിട്ട് വിൽപന നടത്തിയിരുന്ന ഉത്പന്നങ്ങൾ ഇപ്പോൾ ഇ കാട്ട് ഡോട്ട്.ഇൻ എന്ന ആപ്പ് വഴിയാണ് വിൽപന നടത്തുന്നത്. നിരവധി ഉത്പന്നങ്ങളും അധികമായി പട്ടികയിൽ ഉൾപ്പെടുത്തി. ഇതിൽ പച്ചക്കറികൾ മുതൽ വാല്യൂ ആഡഡ് ഉത്പന്നങ്ങൾ വരെയുണ്ട്. ഇപ്പോൾ 220 ഉത്പന്നങ്ങളാണ് ആപ്പ് വഴി ഓർഡർ ചെയ്യാവുന്നത്. ഇതിൽ വാഴക്കൂമ്പ് ചായ, സൂപ്പ്, വാഴത്തട അച്ചാർ തുടങ്ങിയവയെല്ലാമുണ്ട്. കട്ട് ചെയ്ത വെജിറ്റബിൾസ് തുടങ്ങിയ റെഡി ടു കുക്ക് ഉത്പന്നങ്ങൾ, പേസ്റ്റുകൾ, തൊലി കളഞ്ഞവ, സാമ്പാർ കൂട്ട്, അവിയിൽ കൂട്ട്, തോരൻ കട്ട് മിക്സ്, ചീര, മത്തങ്ങ അരിഞ്ഞത്, തേങ്ങ ചിരകിയത്, തേങ്ങാപ്പാൽ, ഏത്തയ്ക്കാപ്പൊടി, മരച്ചീനി പൊടി തുടങ്ങിയവയെല്ലാമുണ്ട് ഇവരുടെ ആപ്പിൽ. ലളിതമായി ആപ്പ് പരിശോധിച്ച് ആവശ്യമുള്ളവ തെരഞ്ഞെടുക്കാം. ഇവയ്ക്കു പുറമേ വാഴപ്പഴം ഹൽവ, കറി മസാലകൾ, അച്ചാറുകൾ എല്ലാമായി അടുക്കളയിലേക്കു വേണ്ടത് എല്ലാം ഇവിടെ റെഡി.

തലേന്നു തന്നെ പിറ്റേന്നത്തേക്കുള്ള ഐറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വാട്സാപ്പ് ഗ്രൂപ്പുകളിൽ അപ്ഡേറ്റ് ചെയ്യും. വാട്സാപ്പ് മെസേജായും സാധാരണ ഫോൺ കോളായും ഓർഡറുകൾ സ്വീകരിക്കുന്ന രീതി ഇവർക്കുണ്ട്. ഇവരുടെ തന്നെ വാഹനത്തിൽ വീടുകളിൽ എത്തിക്കുന്നതാണ് രീതി. ബിൽ വാട്സാപ്പായി ലഭിക്കും. ഇത് ക്യാഷ് ഓൺ ഡെലിവറിയായോ ഗൂഗിൽ പേ വഴിയോ നൽകാം. ഇലക്ട്രിക് ഓട്ടോറിക്ഷയിലാണ് നഗരത്തിൽ ഇവർ ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നത്.

വർഷങ്ങളായി കാർഷിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന സൗമ്യ സാഗരാണ് ഈ സംരംഭത്തിന് ചുക്കാൻ പിടിക്കുന്നത്. സുമ, ഗിരിജ, ശ്രീജ, കോമളം, വനജ, കുമാരി, തങ്കി എന്നിവരാണ് സൗമ്യയ്ക്കൊപ്പം ഈ സംരംഭത്തിൽ പ്രവർത്തിക്കുന്നത്. കല്ലിയൂർ ഊക്കോട് ആണ് ഇവരുടെ കേന്ദ്രം പ്രവർത്തിക്കുന്നത്. ജൈവ രീതിയിലാണ് ഇവർ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നത് എന്നതാണ് ഏറ്റവും വലിയ പ്രത്യേകത. വിളകൾ മൂല്യവർധിത ഉത്പന്നങ്ങളാക്കിയാൽ മാത്രമേ നല്ല വില ലഭിക്കൂ എന്ന ചിന്ത വന്നതോടെയാണ് കട്ട് വെജിറ്റബിൾസ് എന്ന ആശയം അവതരിപ്പിച്ചതെന്നു സൗമ്യ പറയുന്നു. ഉപഭോക്താക്കളിലേക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉത്പന്നങ്ങൾ എത്തിക്കുന്നതിനാൽ ഇരു കൂട്ടർക്കും സാമ്പത്തിക ലാഭമുണ്ട്.


കട്ട് ചെയ്ത് പായ്ക്കറ്റുകളിലാക്കിയ പച്ചക്കറികളുമായി കോമളം, കുമാരി, തങ്കി, ശ്രീജ, സൗമ്യ എന്നിവർ.


ശ്രീജ, തങ്കി, കുമാരി, സൗമ്യ, കോമളം എന്നിവർ കൃഷിയിടത്തിൽ.
-ടി.സി. ഷിജുമോൻ



കട്ട് ചെയ്ത് പായ്ക്കറ്റുകളിലാക്കിയ പച്ചക്കറികൾ.

## വെറൈറ്റി ഐറ്റങ്ങൾ!

നിരവധി വെറൈറ്റി ഉത്പന്നങ്ങളാണ് ഇവർ ഉത്പാദിപ്പിച്ചു വിപണിയിലെത്തിക്കുന്നത്. വാഴക്കൂമ്പ് പൊടി ഇതിൽ പ്രധാനമാണ്. ചെറുതായി അരിഞ്ഞ് ഉണക്കിപ്പൊടിച്ചാണ് വാഴക്കൂമ്പ് പൊടിയുണ്ടാക്കുന്നത്. ചായപ്പൊടിക്കു പകരമായി ഇത് ഉപയോഗിക്കാം. പാലിൽ ചേർത്ത് കുടിക്കുകയുമാകാം. വാഴക്കൂമ്പ് കഴിക്കുന്നതിന്റെ എല്ലാ ഗുണങ്ങളും ഇതിനും ലഭിക്കുമെന്ന് ഇവർ പറയുന്നു. ഓൺലൈൻ വിപണിയിൽ ഏറ്റവും അധികം ആവശ്യക്കാരുള്ളത് കട്ട് ചെയ്ത പച്ചക്കറികൾക്കാണെങ്കിലും വാഴക്കൂമ്പ് പൊടിക്കും വാഴത്തട അച്ചാറിനുമെല്ലാം ആവശ്യക്കാർ ഏറെയാണ്.


പച്ചക്കറികൾ കട്ട് ചെയ്ത് പാക്കറ്റുകളിലാക്കുന്നു.

## പിന്തുണയുമായി സർക്കാർ

ഇവരുടെ സംരംഭത്തിനു സർക്കാരിന്റെയും പഞ്ചായത്തിന്റെയും കൃഷിവകുപ്പിന്റെയും സാമ്പത്തികവും സാങ്കേതികവുമായ എല്ലാ പിന്തുണയുമുണ്ട്. കൃഷിഭവന്റെ സപ്പോർട്ട് വളറെ വലുതാണെന്ന് ഇവർ പറയുന്നു. കല്ലിയൂർ കൃഷി ഓഫീസർ മേരി ലത, അസിസ്റ്റന്റ് അഗ്രികൾച്ചർ ഓഫീസർ കെ. രമണി, കൃഷി അസിസ്റ്റന്റുമാരായ ജെ.എസ്. അനിൽകുമാർ, എസ്.കെ. ഷിനു, കാർഷിക കർമസേന സൂപ്പർവൈസർ ടി. വിദ്യ എന്നിവർ വിത്തു നടുന്നതു മുതലുള്ള എല്ലാ സാഹയങ്ങൾക്കും ഒപ്പമുണ്ട്.

## വാടും മുൻപ് അടുക്കളയിൽ

ഓർഡർ ലഭിക്കുന്നവ പുലർച്ചെ തന്നെ കൃഷിയിടത്തുനിന്നു ശേഖരിക്കുന്നതാണ് ഇവരുടെ രീതി. ആവശ്യാനുസരണം പച്ചക്കറികൾ വിളവെടുക്കുന്നു. ഇവ പ്രത്യേകം പ്രത്യേകമായി പായ്ക്ക് ചെയ്ത് പുറത്ത് കല്ലിയൂർ ഗ്രീൻസിന്റെ സ്റ്റിക്കറും ഒട്ടിച്ച ശേഷമാണ് ഇലക്ട്രിക് ഓട്ടോറിക്ഷയിൽ ഇവയുടെ വിതരണത്തിനായി പോകുന്നത്. നഗരത്തിൽ 15 കിലോമീറ്റർ ചുറ്റളവിൽ ഹോം ഡെലിവറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മൂല്യവർധിത ഉത്പന്നങ്ങൾ മറ്റു ജില്ലകളിലേക്ക് കോറിയർ ചെയ്തു കൊടുക്കുന്ന രീതിയുമുണ്ട്.